# ഗവ. എൽ.പി.എസ്. കുന്നംകരി

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026



അക്കാദമിക മാസ്റ്റർപ്ലാൻ

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

2025-2026

ഗവ. എൽ.പി.എസ്. കുന്നംകരി

# ഗവ.എൽ.പി.സ്കൂൾ കുന്നംകരി

| | | |
|---|---|---|
| സ്ഥാപിതം | :- | 1952 മെയ് 19 |
| ഉപജില്ല | :- | വെളിയനാട് |
| വിദ്യാഭ്യാസ ജില്ല | :- | കുട്ടനാട് |
| റവന്യൂ ജില്ല | :- | ആലപ്പുഴ |
| ബി.ആർ.സി | :- | വെളിയനാട് |
| ഗ്രാമപഞ്ചായത്ത് | :- | വെളിയനാട് |
| ബ്ലോക്ക് പഞ്ചായത്ത് | :- | വെളിയനാട് |
| ജില്ലാ പഞ്ചായത്ത് | :- | ആലപ്പുഴ |
| പോസ്റ്റ് ഓഫീസ് | :- | കുന്നംകരി - 686102 |
| ഇ.മെയിൽ | :- | glpskunnamkary2015@gmail.com |

## ഉള്ളടക്കം


1. ആമുഖം

2. വിദ്യാലയത്തിന്റെ ലഘുചരിത്രം

3. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

4. പദ്ധതി വിശദാംശങ്ങൾ

5. സമഗ്ര ഗുണമേന്മ പദ്ധതി രൂപീകരണം

6. ഉപസംഹാരം

## ആമുഖം

ഓരോ വിദ്യാലയത്തിന്റെയും ഹൃദയം അവിടുത്തെ അക്കാദമിക പ്രവർത്തനങ്ങൾ ആണ്. അക്കാദമിക മാസ്റ്റർ പ്ലാൻ എന്നത് ഒരു വിദ്യാലയത്തിന്റെ വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങളെയും അവ കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതികളെയും സമഗ്രമായി രേഖപ്പെടുത്തുന്ന ഒരു മാർഗരേഖയാണ്. ഇത് കേവലം ഒരു മാർഗരേഖ മാത്രമല്ല. സ്ഥാപനത്തിലെ ദീർഘകാല കാഴ്ചപ്പാടുകളെയും ലക്ഷ്യങ്ങളെയും നിർവചിക്കുന്ന ഒരു വഴികാട്ടിയാണ്. പഠന നിലവാര ഉയർത്തുക, പാഠ്യ പദ്ധതി പരിഷ്കരിക്കുക, ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കഴിവുകൾ വർദ്ധിപ്പിക്കുക എന്നിവയെല്ലാം ആ പ്ലാനിന്റെ പ്രധാന ഘടകങ്ങളാണ്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം - നിലവിലെ അവസ്ഥാവിശകലനം

വെളിനാട് ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ പ്രാഥമിക വിദ്യാലയമാണിത്. ഏകദേശം 2000 ആണ്ട് മുതൽ അയ്ഡൻ മേഖലയിലേക്ക് കുട്ടികളെ ചേർക്കുന്നതിനാൽ സ്കൂൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയുണ്ടായി. ജനപ്രതിനിധികൾ, രക്ഷകർത്താക്കൾ, നാട്ടുകാർ, അധ്യാപകർ എന്നിവരുടെ ഇടപെടൽ മൂലം അതിൽ നിന്നെല്ലാം ഒഴിവായി എങ്കിലും കുട്ടികളുടെ എണ്ണം ഇപ്പോഴും ആശങ്കയോടെ തുടരുന്നു. കുട്ടികളുടെ എണ്ണം കുറയുന്നതിന് ഒരു പരിഹാരം എന്ന നിലയിൽ നാട്ടുകാരുടെ സഹകരണത്തോടെ 2012 മുതൽ പ്രീപ്രൈമറി വിഭാഗവും ആരംഭിച്ചു. പ്രീപ്രൈമറി വിഭാഗത്തിന് സർക്കാരിന്റെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ നല്ലവരായ രക്ഷകർത്താക്കളും നാട്ടുകാരും ജനപ്രതിനിധികളും ചേർന്ന് അധ്യാപികയ്ക്കും ആയയ്ക്കും വേതനം നൽകാനും കുട്ടികൾക്ക് ഭക്ഷണത്തിനും ആവശ്യമായ സാമ്പത്തികവും കണ്ടെത്തുന്നു. പ്രീപ്രൈമറി സ്കൂളിന് അംഗീകാരം ലഭിക്കുന്നതിനുള്ള പരിശ്രമം ഹെഡ്മിസ്ട്രസിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽപ്പെടുത്തി തുക അനുവദിക്കാമെന്ന് എസ്.എം.സി.യിൽ ധാരണയായി. അടുത്ത പദ്ധതിരൂപീകരണത്തിൽ അതിനുള്ള ആവശ്യം അറിയിച്ച് നടപ്പിലാക്കാൻ എസ്.എം.സി ചുമതലയേറ്റിട്ടുണ്ട്.

കുട്ടികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്നവരാണ്. ഇവിടെ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപകരാണ് ഉള്ളത്.സ്കൂളിന്റെ അക്കാദമിക കാര്യങ്ങളിൽ വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ അധ്യാപകർ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് അറിവുകൾ പകർന്നു നൽകാനും അവരെ പങ്കെടുപ്പിക്കാനുള്ള അവസരങ്ങൾ കണ്ടെത്താനും അധ്യാപകർ ശ്രദ്ധിച്ചുവരുന്നു.

എല്ലാ ആഴ്ചയും കൃത്യമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മീറ്റിംഗിൽ കൃത്യമായി പഠന പ്രവർത്തനങ്ങളും അനുബന്ധപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാറുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ബൃഹത്തായ ഒരു പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ നടപ്പിലാക്കി.

വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പദ്ധതികൾ നടപ്പിലാക്കി വരുമ്പോൾ ധാരാളം പ്രശ്നങ്ങളും വെല്ലുവിളികളും അഭിമുഖീകരിക്കേണ്ടി വരുന്നു. പൊതുവിദ്യാലയ സംരക്ഷണം ഉറപ്പാക്കണമെങ്കിൽ വിദ്യാലയങ്ങളിൽ അക്കാദമികവും ഭൗതികവുമായ നിരവധി കാര്യങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്.

സമഗ്രഗുണമേന്മയുമായി ബന്ധപ്പെട്ട് പൂർവ്വ വിദ്യാർത്ഥികൾ, മുൻ അദ്ധ്യാപകർ, രക്ഷകർത്തൃസമിതി, സുമനസ്സുകളായ നാട്ടുകാർ, ത്രിതലപഞ്ചായത്തുകൾ എന്നിവർ സംയോജിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.

കുന്നംകരി എന്ന ഗ്രാമത്തിലെ എല്ലാവരും പ്രാഥമിക വിദ്യാഭ്യാസത്തിന് കുന്നംകരി ഗവ.എൽ.പി. സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഏകദേശം 2000-ാം ആണ്ടു മുതൽ അൺ എയിഡഡ് മേഖലയിലേയ്ക്ക് കുട്ടികളെ കൂട്ടത്തോടെ ചേർക്കുന്ന ഒരു പ്രവണത തുടങ്ങിയാൽ സ്കൂൾ അടച്ചുപൂട്ടൽ ഭീഷണി നേരിടേണ്ടി വരുന്നു.

സമഗ്രഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തനപദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട പഠനലക്ഷ്യങ്ങൾ അതത് ക്ലാസിൽ വച്ചു തന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമാണ്.

കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക വൈജ്ഞാനിക പുരോഗതിക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. കുട്ടികൾക്ക് കലാകായിക പ്രവൃത്തിപരിചയം എന്നീ മേഖലകൾ വിനോദവും ആരോഗ്യവും പ്രദാനം ചെയ്യുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം
* ഭാഷാവിഷയങ്ങൾ നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* എല്ലാ കുട്ടികൾക്കും ആശയം പൂർണ്ണമായി മനസ്സിലാക്കി വായിക്കാൻ കഴിയുന്നുണ്ട് എന്ന് ഉറപ്പാക്കുക.
* ചിഹ്നങ്ങൾ തെറ്റ് കൂടാതെ ഉപയോഗിക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ട് എന്ന് ഉറപ്പാക്കുക.
* മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെന്ന് ഉറപ്പാക്കുക.
* വായനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി ശാക്തീകരണം;
* പത്രവായന, വായനക്കുറിപ്പ്, വായിച്ച പുസ്തകങ്ങളുടെ ലിസ്റ്റ്, വിവരണം പ്രോത്സാഹിപ്പിക്കുക.
* പൊതുജനപങ്കാളിത്തത്തോടെ ലൈബ്രറി വിപുലീകരിക്കുക.
* സാഹിത്യഭിരുചി വളർത്താനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും അതിനുള്ള പ്രവർത്തന പദ്ധതി നൽകുകയും ചെയ്യുക
* ആധുനിക സാങ്കേതികവിദ്യ എല്ലാ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തുക.
* ഗണിതശേഷി വികസനം
* ശാസ്ത്രപോഷണ പരിപാടി
* പ്രവൃത്തിപരിചയ പരിശീലനം
* കലാപരിപോഷണം
* കായികശേഷി വികസനം - എയറോബിക് പരിശീലനം
* ചിത്രരചനാ ക്യാമ്പ്
* സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
* ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
* പ്രവൃത്തി പരിചയ പരീശീലനം
* കലാപരിപോഷണം
* കായികശേഷി വികസനം - എയറോബിക് പരിശീലനം

* ചിത്രരചനാക്യാമ്പ്
* സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
* ഇംഗ്ലീഷ് പഠനം - അനായസകരമാക്കൽ
* ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക
* പ്ലാസ്റ്റിക് മുക്തവിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കജശ
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കൽ, കുട്ടികൾക്കായി കരിയർ ഗൈഡൻസ്, കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക
* മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ നടപ്പിലാക്കജശ
* ഭിന്നശേഷി കുട്ടികൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ

- മലയാളം

## ഭാഷാശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും മലയാളം വായിക്കനും എഴുതാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമ്മാണം<br>• വാക്യനിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കക്കാർക്ക് പ്രത്യേകം ക്ലാസ് | 1 വർഷം | മലയാളം ടീച്ചർ എസ്.ആർ.ജി | പി.റ്റി.എ |
| * എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | * ക്ലാസ് വായന ക്കൂട്ടം<br>* ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>*. പുതുവർഷം പുസ്തകവർഷം | 6 മാസം 1വർഷം | വിദ്യാരംഗം മലയാളം ടീച്ചർ | പി.റ്റി.എ |
| | ക്ലാസ് നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>* വായനയ്ക്ക് ലൈബ്രറി പുസ്തക വിതരണം<br>* ലൈബ്രറി നവീകരണം<br>* വായനോത്സവം<br>* പത്രവായന | ഓരോ ആഴ്ച യിലും | ക്ലബ്ബ് സെക്രട്ടറി | പി.റ്റി.എ 5000/- |
| | പുസ്തകചർച്ച പുസ്തകാസ്വാദനം സാഹിത്യകാരന്മാരുമായി സംവദിക്കൽ | വർഷത്തിൽ ഒന്ന് | വിദ്യാരംഗം | പി.റ്റി.എ |
| | അമ്മമാർക്കൊരു പുസ്തകം, വീടുകളിലേക്ക് - കുട്ടികൾവശം | മാസത്തിൽ ഒന്ന് | വിദ്യാരംഗം ക്ലബ്ബ സെക്രട്ടറി | പി.റ്റി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കൽ | • പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br><br>ഓരോ ക്ലാസിനും ഓരോ പത്രം<br><br>പത്രവാർത്ത അവതരണം<br><br>പത്രക്വിസ് | <br><br><br><br><br><br>ദിവസവും<br><br>ആഴ്ചയിൽ | വിദ്യാരംഗം ഇൻ ചാർജ്<br><br><br><br><br>എച്ച്.എം<br><br>മലയാളം അധ്യാപകർ | പി.റ്റി.എ<br><br><br><br><br><br><br>പി.റ്റി.എ |
| * സർഗ്ഗശേഷി വികസനം | * വായനാനുഭവം പങ്കുവെക്കൽ<br><br>* സാഹിത്യക്വിസ് രചനാ ശില്പശാല കവിത, കഥ കവിതാലാപന മത്സരം<br><br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | <br><br>വർഷത്തിൽ 1 തവണ<br><br><br><br>മാസത്തിൽ 1 തവണ | <br><br>എസ്.ആർ.ജി<br><br><br><br>വിദ്യാരംഗം | <br><br><br><br><br><br><br>പി.റ്റി.എ |

- ഇംഗ്ലീഷ് ഭാഷാപഠനം

## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ<br>• ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ<br>• ഇംഗ്ലീഷ് അസംബ്ലി | ഒരു വർഷം<br>ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് തീയറ്റർ<br>ഇംഗ്ലീഷ് കഥ, കവിത രചനാക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | 2500/– പി. ടി.എ പ്രാദേശിക സഹായം |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷിനേടൽ | സ്ക്കൂൾ അധികസമയം കണ്ടെത്തി ഇംഗ്ലീഷ് ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ. 2000/– |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | * പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ്, നാടകം, റോൾപ്ലേ, തുടങ്ങിയവ | മാസത്തിൽ ഒരുക്കൽ | ഇംഗ്ലീഷ് ടീച്ചർ ക്ലബ്ബ് സെക്രട്ടറി | 2500/– പി. ടി.എ |
| * വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടുതൽ ഉൾക്കൊള്ളിക്കൽ-വായനക്കുറിപ്പ് | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ | |
| * കുട്ടിരചനകൾ പ്രസിദ്ധീകരിക്കൽ | സ്കൂൾ വിക്കി | 2 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി എച്ച്.എം എസ്. ഐ.റ്റി.സി | |

- **പരിസരപഠനം ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഗാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാദി രുചി വളർത്തൽ | ശാസ്ത്ര തത്വ ങ്ങൾ ലളിത മായ പരീക്ഷണ ങ്ങളിലൂടെ അവ തരിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/ പിറ്റിഎ |
| | സ്കൂൾതല ശാസ്ത്ര പ്രദർശനം | വർഷത്തിൽ ഒരുതവണ | പരിസ്ഥിതി ക്ലബ്ബ് | പി.ടി.എ |
| | ഗവേഷണാ ത്മക പ്രോജ ക്ട്, സർവ്വെ അഭിമുഖം, നിരീ ക്ഷണം ഫീൽഡ് ട്രിപ്പു കൾ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ഗയൻസ്ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്ര മേള കളിൽ പൂർണ്ണ പങ്കാ ളിത്തം ഉറപ്പാ ക്കൽ | ഠമളകളിൽ പങ്കെടുക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പി ക്കൽ | 1 വർഷത്തിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| പഠനപിന്നോ ക്കാവസ്ഥ പ്രത്യേക പരി ശീലനം | അധ്യാപകർ - കുട്ടി - കണ്ടെത്തി പരി ശീലനം | ആഴ്ചയിൽ 1 | എസ്.ആർ.ജി. സയൻസ് ക്ലബ്ബ് | |

- **പരിസ്ഥിതി സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഗാമ്പത്തികം |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് വിപു ലപ്പെടുത്തൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവി ധ്യപാർക്ക് വിപു ലീകരിക്കാൻ | 3 മാസം | പരിസ്ഥിതി ക്ലബ്ബ് | പിടിഎ 2500/- |
| സ്കൂൾ ഔഷധ ത്തോടം വിപുലപ്പെടു ത്തൽ | ഓഷധസസ്യങ്ങ ളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യ ത്തെയും തിരിച്ച റിയുന്നതിനും | 3 മാസം | പരിസ്ഥിതി ക്ലബ്ബ് | പിടിഎ2500/- |
| നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടു മാവ് പൂർണ്ണ സംരക്ഷണം ഒരുക്കൽ ആദരി ക്കൽ | എല്ലാ ദിവ സവും | പരിസ്ഥിതി ക്ലബ്ബ് | |

* ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഗാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതലാബ് പ്രത്യേക സജ്ജീകരണം. കുട്ടികൾക്ക് ഗണിതാശയ ങ്ങൾ ലളിത മായി അവതരി പ്പിക്കൽ | ലാബ് സജ്ജീ കരിക്കൽ അവ ധിക്കാലം | പി.ടി.എ അധ്യാപകർ | 10000/- പി.ടി. എ. |
| | ജ്യാമിതീയ രൂപ ങ്ങൾ നിർമ്മാണം | ജൂൺ ആഗസ്റ്റ് | പി.ടി.എ. ഗണി തടീച്ചർ | 2500/- പി.ടി.എ |
| 2 ഗണിത ത്തിലെ അടി സ്ഥാനശേഷി അടിസ്ഥാന ആശയങ്ങൾ ഉറ പ്പിക്കൽ | വർക്ക്ഷീറ്റുകൾ എല്ലാ കുട്ടി കൾക്കും അടി സ്ഥാന ആശയ ങ്ങൾ ഉറപ്പി ക്കൽ | ജൂൺ | ഗണിത ടീച്ചർ | പി.ടി.എ |
| | ഉല്ലാസഗണിതം ഗണിതവിജയം പ്രവർത്തന ങ്ങൾ | | ഗണിത ടീച്ചർ | |

* പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഗാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരി ശീലനം | തല്പരരായ കുട്ടികളെ കണ്ടെത്തി മികച്ച പരിശീ ലനം നൽകൽ ശില്പശാല | 1 വർഷത്തിൽ 1 മാസം<br>വർഷത്തിൽ ഒന്ന് | എച്ച് എം, എസ്.ആർ.ജി. | തദ്ദേകസ്വയംഭ രണ സ്ഥാപനം |

- കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഗാമ്പത്തികം |
| --- | --- | --- | --- | --- |
| കലാമിക വുള്ള കുട്ടി കളെ കണ്ടെത്തി പരിശീലനം | ഗംഗീതം, മറ്റ് കലാവാ സനയുള്ള കുട്ടി കളെ കണ്ടെത്തി പരിശീലിപ്പി ക്കൽ മേളക ളിൽ പങ്കെടുപ്പി ക്കൽ | മാസത്തിൽ 1 | എസ്.ആർ.ജി | പിടിഎ 20000/- |

- കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഗാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടെ കായിക ശേഷി വിക സിപ്പിക്കൽ | കുട്ടികളുടെ കഴിവുകൾ പരി ഗണിച്ച പരിശീ ലനം നൽകൽ | രാവിലെ വൈകിട്ട് അവധി ദിവസ ങ്ങൾ | കായികാധ്യാപ കർ സെക്രട്ടറി | പി.ടി.എ 5000/- |

## സമഗ്രഗുണമേന്മപദ്ധതി രൂപീകരണത്തിൽ പങ്കെടുത്തവർ

- ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
- വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
- എസ്.എം.സി. അംഗങ്ങൾ
- പി.ടി.എ. പ്രസിഡന്റ്
- എം.പി.റ്റി.എ. അംഗങ്ങൾ
- ഹെഡ്മിസ്ട്രസ്സ്
- എസ്.ആർ ജി. കൺവീനർ
- അദ്ധ്യാപകർ

## ഉപസംഹാരം

ഗവ. എൽ.പി. സ്കൂൾ കുന്നംകരിയുടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുകമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. ഗമഗ്രഗുണമേന്മ എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടയൊണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.